# കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ ഒരു റെയിൽ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം-അന്തിമ റിപ്പോർട്ട്




തയ്യാറാക്കി സമർപ്പിക്കുന്നത്

കണ്ണൂർ
18.10.2019

ചെയർമാൻ
സാമൂഹ്യ ആഘാത പഠന യൂണിറ്റ്
(കയ്റോസ്-കണ്ണൂർ)

# കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ ഒരു റെയിൽ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ- സാമൂഹ്യ ആഘാത പഠനം-അന്തിമ റിപ്പോർട്ട്

കണ്ണൂർ ജില്ലയിൽ, പയ്യന്നൂർ താലൂക്കിലെ കുഞ്ഞിമംഗലം വില്ലേജിലെ ഏഴിമല-പയ്യന്നൂർ റെയിൽവെ സ്റ്റേഷനുകൾക്കിടയിലായി, ഏഴിമല റെയിൽവെ സ്റ്റേഷന് അടുത്തായി, വടക്ക് ഭാഗത്ത് 1144-ാം നമ്പർ പഴയ റെയിൽ പാലത്തിന് പകരമായി പുതിയത് പണിത് ഗതാഗതം ആരംഭിക്കുന്നതിനായി പാലത്തിന്റെ തെക്ക് ഭാഗത്തുള്ളതും, കുഞ്ഞിമംഗലം വില്ലേജിൽപ്പെട്ടതുമായ സ്വകാര്യ വ്യക്തികളുടെ ഭൂമി, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ, ഭൂമി ഏറ്റെടുക്കുന്നതിനായി സാമൂഹ്യ ആഘാത പഠനം നടത്തി, റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെട്ട, കയ്റോസ് കണ്ണൂർ, ആവശ്യമായ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അന്തിമ രൂപം

**ആമുഖം**

ഷൊർണ്ണൂർ-മംഗലാപുരം റെയിൽ പാതയിൽ കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ 1906 ൽ നിർമ്മിക്കപ്പെട്ടതാണ് കുഞ്ഞിമംഗലം റെയിൽ പാലം. 12.19 മീറ്റർ നീളത്തിലുള്ള ര ് സ്പാനുകളും 3X18.30 മീറ്റർ സ്റ്റീൽ ഗിർഡറുകളോടു കൂടിയ ഈ പാലത്തിലൂടെയായിരുന്നു 2000 വരെ വടക്ക് മംഗലാപുരം ഭാഗത്തേക്കും തെക്ക് കോഴിക്കോട് ഭാഗത്തേക്കും ട്രെയിൻ സർവ്വീസ് നടത്തിയിരുന്നത്. എന്നാൽ 2000-ൽ ഇരട്ടപ്പാത എന്ന ദീർഘകാല സ്വപ്നം യാഥാർത്ഥ്യമായതോടെ മംഗലാപുരം ഭാഗത്തേക്കുള്ള സർവ്വീസ് മാത്രമാണ് ഈ പഴയ പാലത്തിലൂടെ നടത്തുന്നത്. തുടർന്ന് തെക്ക് ഭാഗത്തേക്കുള്ള സർവ്വീസ് മാത്രമാണ് പുതിയ പാലത്തിലൂടെ നടക്കുന്നത്. 1906 കാലഘട്ടത്തിൽ ബ്രിട്ടീഷ് സർക്കാരിന്റെ ഭാഗമായിരുന്ന ഇന്ത്യയിലെ ഈ റെയിൽപാലം അന്ന് ലഭ്യമായിരുന്ന നിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് പാലം പണിതിട്ടുള്ളത്. പ്രധാനമായും കരിങ്കല്ലു കൊ ുള്ള അടിത്തറയിലും തൂണിലുമാണ് സ്റ്റീൽ ഗർഡർ സ്ഥാപിച്ച് പാലം പണി പൂർത്തിയാക്കപ്പെട്ടിട്ടുള്ളത്. നിശ്ചിത കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ, പഴയ സ്റ്റീൽ ഗർഡറുകൾ 1972-ൽ മാറ്റി പുതിയവ സ്ഥാപിക്കുകയും ചെയ്തിരുന്നെങ്കിലും, അടിത്തറയും തൂണും പഴയതുതന്നെയാണ്. അതുകൊ ുതന്നെ റെയിൽവെയുടെ എഞ്ചിനീയർമാർ, പാല

ത്തിന്റെ ഉറപ്പ് ഇടയ്ക്കിടെ പരിശോധിക്കുമായിരുന്നു. ഇത്തരം പരിശോധനകളിൽ പാലത്തിന്റെ തൂണുകൾക്ക് ബലക്ഷയം ഉ ന്ന് മനസിലാക്കുകയും സുരക്ഷ മാർഗ്ഗമെന്ന നിലയിൽ പാലത്തിന്റെ മുകളിലൂടെയുള്ള ട്രെയിൻ വേഗത അനുവദനീയമായ മണിക്കൂറിൽ 100-110 കി.മീ. ൽ നിന്ന് 30-45 കി. മീ. ആയി കുറക്കുകയും ചെയ്തിട്ടു ്. പാലത്തിന്റെ ഗിർഡറുകൾ പഴക്കമില്ലാത്തതാണെങ്കിലും അടിത്തറയ്ക്കും, തൂണുകൾക്കും ശക്തി ക്ഷയം സംഭവിക്കുന്നതായും അത് പാലത്തിന്റെ ദൃഢതയെ തന്നെ ബാധിക്കാൻ സാധ്യതയുള്ളതിനാൽ 2003-04 ൽ തന്നെ റെയിൽവെയുടെ നിർമ്മാണ പദ്ധതിയിൽ ഒരു പുതിയ പാലം നിർമ്മിക്കാൻ അനുമതിയാകുകയും അതനുസരിച്ച് നിലവിലുള്ള റെയിൽവെ പാലങ്ങൾക്ക് കിഴക്ക് ഭാഗത്തായി (നദിയുടെ മേൽപ്പോട്ടുള്ള ഭാഗത്ത്) പുതിയൊരു റെയിൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടു ്. ഈ പാലത്തിലേക്ക് നിലവിലുള്ള പാളത്തിൽ നിന്ന് പാലത്തിന്റെ ഇരു ഭാഗവും ബന്ധപ്പെടുത്താനായി പുതിയ പാളങ്ങൾ നിർമ്മിക്കേ ിയിരിക്കുന്നു. റെയിൽവെയുടെ കൈവശമുള്ള സ്ഥലം പര്യാപ്തമല്ലാത്തതിനാൽ അതിനോട് ചേർന്നുള്ള സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുത്താൽ മാത്രമേ പുതിയ ട്രാക്ക് നിർമ്മിക്കാനും അതുവഴി പുതിയ പാലത്തിലൂടെ ഗതാഗതം ആരംഭിക്കാനും സാധിക്കുകയുള്ളൂ. ആദ്യ ഘട്ടത്തിൽ ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ പാലത്തിന് തെക്ക് ഭാഗത്ത് ഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടു ്.

കുഞ്ഞിമംഗലം ദേശത്തിന്റെ വടക്ക്- പടിഞ്ഞാറ് അതിരായിട്ടുള്ള പുഴയ്ക്ക് കുറുകെയുള്ള ഈ റെയിൽ പാലത്തെ ഇവിടുത്തെ നാട്ടുകാർ ചങ്കൂരിച്ചാൽ പാലം എന്നാണ് വിളിച്ച് വരുന്നത്. സംഘകാല ചരിത്രത്തിൽ പോലും ഏറെ പരാമർശിക്കപ്പെട്ട ഈ പ്രദേശത്തെ പുഴയിൽ 12 ാം നൂറ്റാ ിൽ കച്ചവടാവശ്യാർത്ഥം ചങ്കു എന്ന ചൈനീസ് കപ്പൽ വന്നിരുന്നുവെന്നും അതിനാൽ ഈ പുഴയുടെ പേര് ചങ്കൂരിച്ചാൽ ആയി മാറി എന്നത് ചരിത്രം. മൂഷിക വംശത്തിന്റെ അധീനതയിലു ായിരുന്ന ഈ പ്രദേശത്തെ മൊത്തത്തിൽ ഏഴിമല എന്ന് പേരിട്ടത് 13-ാം നൂറ്റാ ിലെ കച്ചവടക്കാരനും സഞ്ചാരിയുമായ മാർക്കോ പോളോ ആയിരുന്നു. ഇവിടുത്തെ റെയിൽവെ സ്റ്റേഷന്റെ പേര് ഏഴിമല എന്ന് തന്നെയാണ്.

ഒരു ദിവസം 30 ഓളം പാസഞ്ചർ- എക്സ്പ്രസ്സ് ട്രെയിനുകൾ ഈ പാലത്തിലൂടെ വടക്ക് ഭാഗത്തേക്ക് പോകുന്നു ്. ഇതു കൂടാതെ ഏറെ ഗുഡ്സ് ട്രെയിനുകളും ഈ പാലത്തിലൂടെ മംഗലാപുരം ഭാഗത്തേക്ക് പോകുന്നു ്. വേഗത കുറച്ചാണ് യാത്രയെങ്കിലും അപകട സാധ്യതയെ അവഗണിക്കാൻ പറ്റില്ല. അതിനാൽ തന്നെ പുതിയ പാലത്തിലൂ

ടെയുള്ള യാത്ര എത്രയും വേഗത്തിൽ തന്നെ ആരംഭിക്കണമെന്ന് യാത്രക്കാരും റെയിൽവെയും ആഗ്രഹിക്കുന്നു.

2001 ജൂൺ മാസം 22-ാം തീയ്യതി മംഗലാപുരത്തുനിന്ന് ചെന്നൈയിലേക്ക് പോകുന്ന 12602-ാംനമ്പർ മെയിൽ കടലു ി പാലത്തിൽ നിന്ന് അപകടത്തിൽപ്പെടുകയും 4 കോച്ചുകൾ കടലു ി പുഴയിലേക്ക് മറിഞ്ഞു വീഴുകയും 57 യാത്രക്കാർ ദാരുണമായി കൊല്ലപ്പെടുകയും മുന്നൂറിലധികം പേർക്ക് സാരമായ പരിക്ക് പറ്റുകയും ചെയ്തിരുന്നു. അതുപോലെ ബാംഗ്ലൂർ- തിരുവനന്തപുരം ഐലന്റ് എക്സ്പ്രസ്സ് 1988 ജൂലൈ 8-ാം തീയ്യതി പെരുമൺ പാലത്തിൽ പാളം തെറ്റി അഷ്ടമുടിക്കായലിൽ പതിക്കുകയും 105 പേർ മരണപ്പെട്ടതും മറക്കാനാവില്ല. ഇത്തരത്തിലുള്ള ഒരാഘാതം ഇനിയും നേരിടാനുള്ള കരുത്ത് മലയാളികളായ നമുക്കില്ല. അതിനാൽ തന്നെ എത്രയും പെട്ടെന്ന് സ്ഥലം ഏറ്റെടുക്കപ്പെട്ട് പുതിയ പാലത്തിലൂടെയുള്ള യാത്ര ആരംഭിക്കുവാനാണ് ജനം ആഗ്രഹിക്കുന്നത്.

**ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം**

കുഞ്ഞിമംഗലം പുതിയ റെയിൽവെ പാലം ഗതാഗതത്തിന് ഉപയുക്തമാകുന്ന രീതിൽ തുറന്നു കൊടുക്കുന്നതിന് നിലവിലുള്ള ര ാം പാതയിൽ നിന്ന് ബന്ധപ്പെടുത്തി പുതിയ സമീപന ട്രാക്കുകൾ നിർമ്മിക്കേ തിന്, പാലത്തിന്റെ തെക്ക് ഭാഗത്ത് കുഞ്ഞിമംഗലം അംശം ദേശത്ത്, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്വകാര്യ വ്യക്തികളുടെ ഭൂമി സംബന്ധമായ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | 238/5 | 0.0325 |
| 2 | 238/8 | 0.0257 |
| 3 | 238/12 | 0.0375 |
| 4 | 237/4 | 0.0216 |
| 5 | 237/5 | 0.0559 |
| **ആകെ** | | **0.1728** |

**പകരം ഭൂമി ലഭ്യത**

ഇപ്പോൾ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് പുതിയതായി നിർമ്മിച്ച കുഞ്ഞിമംഗലം റെയിൽ പാലത്തിന് തെക്ക് ഭാഗത്തായി നിലനിലുള്ള പുതിയ ട്രാക്കിൽ നിന്ന്, പുതിയതായി നിർമ്മിച്ച പാലത്തിലേക്ക് അനുബന്ധ പാളം നിർമ്മിക്കുന്നതിനും, പഴയതും

ദുർബലമായതുമായ  പടിഞ്ഞാറ് ഭാഗത്തിലെ പാലത്തിലൂടയെുള്ള ഗതാഗതം അവസാനിപ്പിക്കുന്നതിനും കൂടിയാണല്ലോ. അതിനാൽ ഭൂമി ആവശ്യമായി വരുന്നത് നിലവിലുള്ള പുതിയ പാതയോടു ചേർന്ന്, കിഴക്ക് ഭാഗത്തായിട്ടാണ്. ഇവിടെ സ്ഥലം ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിലേക്ക് പുതിയ ട്രാക്ക് നിർമ്മിക്കാനാകൂ. റെയിൽവെ സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്. ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ കാര്യമായ അനുഭവങ്ങൾ ലഭ്യമാകുന്ന ചമയങ്ങൾ ഒന്നും തന്നെ ഇല്ല. ഈ ഭൂമിയിൽ ഒരു പഴയ വീടു ്. ഇതിപ്പോൾ മാപ്പിടിച്ചേരി നാരായണൻ എന്നയാൾക്ക് ഓരോ വർഷത്തെ കരാറിൻമേൽ വാടകയ്ക്ക് നൽകിരിക്കുകയാണ്. ര ് വർഷമായി താമസിച്ചു വരുന്നു. റെയിൽവേ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സാഹചര്യത്തിൽ കരാർ പുതുക്കിയിട്ടില്ല. ഏത് സമയവും ഒഴിഞ്ഞു പോകാൻ സന്നദ്ധവുമാണ്. പൊതുവെ ഏറ്റവും അനുയോജ്യമായ സ്ഥലവുമാണിത്. ഈ സ്ഥലത്തിനു വടക്ക് ഭാഗത്ത്, പുതിയ പാലം വരെ ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ മുന്നേ തന്നെ റെയിൽവേ സ്ഥലം ഏറ്റെടുത്തിട്ടു ്. ട്രാക്കിനോട് ചേർന്നള്ള സ്ഥലം മാത്രമേ ഉപകരിക്കൂ എന്നതിനാലും, പകരം ഭൂമി ലഭ്യത ആലോചിക്കുവാനേ നിർവ്വാഹമില്ല.

## <u>ഭൂമി ഏറ്റെടുക്കൽ പൊതു ആവശ്യത്തിനാണോ</u>

റെയിൽ ഗതാഗത മേഖലയിൽ ലോകത്ത് നാലാം സ്ഥാനത്തും, ഉടമസ്ഥതയിൽ ലോകത്ത് ര ാം സ്ഥാനത്തും, ഏഷ്യയിൽ ഒന്നാം സ്ഥാനത്തും സ്ഥിതി ചെയ്യുന്ന ഒരു പൊതുമേഖല സ്ഥാപനമാണ് ഇന്ത്യൻ റെയിൽവേ. അതിവേഗത്തിലും സുരക്ഷിതമായും സാധന സാമഗ്രികളെ ലക്ഷ്യസ്ഥാനത്തെത്തിക്കുന്നതിന് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ ആരംഭിച്ച റെയിൽവെ സംവിധാനം 166 വർഷം പിന്നിട്ടിരിക്കുന്നു. 16.04.1853 ൽ ആദ്യത്തെ ട്രെയിൻ സർവ്വീസ് മുംബൈയിലെ ബോറിബന്തറിൽ നിന്ന് താനെ വരെ ആയിരുന്നു. അന്നത്തെ ആവി എഞ്ചിനിൽ നിന്നും നാനോ ടെക്നോളജിയിലേക്ക് ഇന്ത്യൻ റെയിൽവെ കുതിച്ച് കഴിഞ്ഞിട്ടു ്. എന്നാലും ഇന്ത്യൻ ഗതാഗത മേഖലയുടെ ജീവനാഡിയായി അറിയപ്പെടുന്ന ഇന്ത്യൻ റെയിൽവെയിൽ പല പാലങ്ങളും ഏറെ കാലപ്പഴക്കം ചെന്നതാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. 1906 ൽ നിർമ്മിക്കപ്പെട്ടതും ബലക്ഷയം ഉ ന്ന നിഗമനത്തിൽ എത്തിയതുമായ കുഞ്ഞിമംഗലം ആദ്യ റെയിൽപാലത്തിന് (NO.1144) പകരമായി നിർമ്മിക്കപ്പെട്ട പുതിയ റെയിൽപാലത്തിലൂടെ ഗതാഗതം ആരംഭിക്കുന്നതിന് ട്രാക്ക് സ്ഥാപിക്കുന്നതിനായിട്ടാണ് സ്വകാര്യ വ്യക്തികളുടെ ഭൂമി ര ാം ഘട്ടമായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും സുരക്ഷിതവും വേഗത്തിലുമുള്ള യാത്രയ്ക്ക് ആശ്രയിക്കുന്നത് റെയിൽവേ

യെയാണ്. അതുപോലെതന്നെ അതിവേഗതയിൽ ചരക്ക് നീക്കത്തിന് (ഭക്ഷ്യവസ്തുക്കൾ, എണ്ണ, സിമന്റ്, മറ്റ് അസംസ്കൃത വസ്തുക്കൾ) ആശ്രയിക്കുന്നതും റെയിൽവേയെയാണ്. ഇന്ത്യൻ റെയിൽവേ, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. ഇതിന്റെ സുഗമമായ ഭരണത്തിന് റെയിൽവേ മന്ത്രാലയം തന്നെ പ്രവർത്തിച്ചു വരുന്നു. മൊത്തത്തിൽ റെയിൽവേ ഒരു പൊതു സംവിധാനം തന്നെയാണ്. ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാധികാരി ഡെ. ചീഫ് എഞ്ചിനീയർ,സതേൺ റെയിൽവേ (നിർമ്മാണ വിഭാഗം) ആണ്. ഇവിടെ ഭൂമി ആവശ്യമായി വരുന്നത് പൊതു സ്ഥാപനമായ ഇന്ത്യൻ റെയിൽവേക്കാണ്. പാലം നിർമ്മിക്കപ്പെടുന്നതും, അതിലൂടെ യാത്രാ സൗകര്യം ഒരുക്കുന്നതും പൊതു ജനങ്ങൾക്കാണ്. അതിനാൽ തന്നെ ഭൂമി ഏറ്റെടുക്കപ്പെടുന്നത് പൊതു ആവശ്യത്തിനാണ്.

**ഭൂമിയുടെ സ്വഭാവം**



കുഞ്ഞിമംഗലം പുതിയ റെയിൽ പാലത്തിലേക്ക് ബന്ധിപ്പിക്കാനായി പുതിയ ട്രാക്ക് നിർമ്മാണത്തിന് ഏറ്റെടുക്കപ്പെടുന്നത് പയ്യന്നൂർ താലൂക്കിലെ കുഞ്ഞിമംഗലം അംശം ദേശത്തിലെ റീ. സ.238/5, 238/8, 238/12, 237/4, 237/5 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട 0.1728 ഹെക്ടർ ഭൂമിയാണ്. ഇതിൽ 237/4 ൽപ്പെട്ട സ്ഥലം തോട്ടം വിഭാഗത്തിലും, ബാക്കിയുള്ളവ നഞ്ചയിലുംപെടുന്നു. ഈ സ്ഥലം നിലവിലുള്ള റെയിൽ പാളത്തിനും, റെയിൽവേ സ്റ്റേഷൻ-താമരംകുളങ്ങര തീരദേശ റോഡിന്റെയും ഇടയിലായി കിടക്കുന്നു. ഈ സ്ഥലത്തിൽ വടക്കുഭാഗത്തായി കാട് മൂടി കിടക്കുന്ന സ്ഥലമാണ്. 237/4ൽ പ്പെട്ട സ്ഥലത്ത് ഏകദേശം 40 വർഷം പഴക്കമുള്ള ഒരു വീടു ്. ഇത് ഇപ്പോൾ വാടകയ്ക്ക് നൽകിയിരിക്കുകയാണ്. ബാക്കിയുള്ളവ നഞ്ച വിഭാഗത്തിലും, കൃത്യമായ ചമയങ്ങൾ ഒന്നുമില്ലാത്ത സ്ഥലവുമാണ്.



**ഭൂമിയുടെ ഉടമസ്ഥർ**

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം |
|---|---|---|
| 1 | ചേനോളി കാനോത്ത് ഷീന | 0.0325 |
| 2 | ചേനോളി കാനോത്ത് നീന | 0.0257 |
| 3 | ഇട്ടമ്മൽ രാജൻ | 0.0375 |
| 4 | ഇട്ടമ്മൽ രാജൻ, കാർത്ത്യായനി | 0.0216 |
| 5 | അക്കാളത്ത് ശ്രീധരൻ | 0.0555 |
| | **ആകെ** | **0.1728** |

പുതിയ പാലത്തിനോട് ബന്ധപ്പെടുത്തുന്നതിന് പാളം നിർമ്മിക്കുന്നതിനായി കുഞ്ഞിമംഗലം അംശം ദേശത്തിലെ 0.1728 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേ യിരിക്കുന്നത്.

**കൃഷികൾ**

നേരത്തെ സൂചിപ്പിച്ചതുപോലെ, ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 0.1728 ഹെക്ടർ സ്ഥലം, നിലവിലുള്ള പുതിയ റെയിൽ പാളത്തിനും, റെയിൽവേസ്റ്റേഷൻ താമരംകുളങ്ങര തീരദേശ റോഡിനുമിടയിലായി സ്ഥിതി ചെയ്യുന്നു. ഇതിൽ 237/4 ൽ കാണിച്ചിരിക്കുന്ന തോട്ടം വിഭാഗത്തിൽപ്പെടുന്ന സ്ഥലം മാത്രമാണ് കൃഷിക്ക് അനുയോജ്യമായത്. എന്നാൽ ഇവിടെ ഒരു പഴയ വീടും, അതിനു ചുറ്റുമായി 6 തെങ്ങും, 6 മാവും 2 ചെറിയ തെങ്ങുകളുമാണുള്ളത്. ബാക്കി സ്ഥലം മുഴുവൻ നഞ്ചയായിട്ടുള്ളതും മറ്റൊന്നിനും ഉപയുക്തമല്ലാത്തതുമാണ്. കൃഷി എന്ന നിർവ്വചനത്തിൽപ്പെടുന്ന രീതിയിലുള്ള യാതൊന്നും തന്നെ ഈ ഭൂമിയിലില്ല.

**സാമൂഹ്യ ആഘാത പഠനയൂണിറ്റിന്റെ ഘടന**

കണ്ണൂർ ജില്ലയിലെ, പയ്യന്നൂർ താലൂക്കിലെ കുഞ്ഞിമംഗലം അംശം ദേശത്തിലെ, കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ പുതിയതായി നിർമ്മിച്ച റെയിൽ പാലത്തിലേക്ക്, നിലവിലുള്ള കിഴക്ക് ഭാഗത്തുള്ള ട്രാക്കിൽ നിന്നും ഒരു പുതിയ ട്രാക്ക് നിർമ്മിക്കുന്നതിനായി 0.1728 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനു

മുള്ള  അവകാശ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കണ്ണൂർ ബർണ്ണശ്ശേരി ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന Track A NGO ആയ കയ്റോസ് (KAIROS-Kannur Assosiation for Integrated Rural Organization and Support) കണ്ണൂരിനെയാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ 26.07.2019 ലെ DCKNR /13068/18/C3 നമ്പർ നടപടി ക്രമം പ്രകാരമാണ് ചുമതല നൽകപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം 2019 ആഗസ്റ്റ് 28 ലെ 1992-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ വി ചന്ദ്രൻ (റിട്ട. ഫിഷറീസ് ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി ജെസി റെജി (ഡി.റ്റ.പി ഓപ്പറേറ്റർ) | അംഗം |
| 4 | ശ്രീ. റിബിൻ | ഓഫീസ് അസിസ്റ്റന്റ് |

**സ്ഥാപനങ്ങൾ**

ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സ്ഥാപനം എന്ന നിർവ്വചനത്തിൽപെടുന്ന ഒന്നും തന്നെയില്ല എന്നറിയിക്കുന്നു. എന്നാൽ 237/4 സർവ്വെ നമ്പറിൽ ശ്രീ ഇട്ടമ്മൽ രാജന്റെ സ്ഥലത്ത് ഏകദേശം 40 വർഷത്തോളം പഴക്കമുള്ള ഒരു വീടു ്. ഇത് ഓട് മേഞ്ഞ വീടാണ്. രാജനും കുടുംബവും ഇപ്പോൾ ആ വീട്ടിൽ താമസമില്ല. ശ്രീ മാപ്പിടിച്ചേരി നാരായണൻ എന്നയാൾക്ക് 2 വർഷമായി വാടകയ്ക്ക് നൽകിയിരിക്കുകയാണ്. ഇത് ഓരോ വർഷത്തേക്കുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ്. റെയിൽവേക്കു വേ ി ഭൂമി ഏറ്റെടുക്കാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ, ഉടമയായ ഇട്ടമ്മൽ രാജൻ, നാരായണന് കരാർ കാലാവധി പുതുക്കി നൽകിയിട്ടില്ല.

**പഠനോപാധികൾ**

കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ 2019 ജൂൺ മാസത്തോടെ പണി പൂർത്തിയായ 1144-ാം നമ്പർ പുതിയ റെയിൽ പാലത്തിലേക്ക് നിലവിലുള്ള പുതിയ ട്രാക്കിൽ നിന്നും

ഒരു ട്രാക്ക് നിർമ്മിക്കുന്നതിനായി കുഞ്ഞിമംഗലം അംശം ദേശത്തിലെ 238/5, 238/8, 238/12,237/4, 237/5 എന്നീ സർവ്വെ നമ്പറുകളിൽപ്പെട്ട 0.1728 ഹെക്ടർ ഭൂമി ഏറ്റെടുക്കപ്പെടേ ിയിരിക്കുന്നു. സാമൂഹ്യ ആഘാത പഠനത്തിനായി സാധാരണയായി ഉപയോഗിച്ചു വരാറുള്ള ഉപാധികളൊന്നും തന്നെ ഉപയോഗിക്കേ ി വന്നിട്ടില്ല. ഈ സ്ഥലത്ത് 237/4 ല 0.0216 ഹെക്ടർ സ്ഥലം ഒഴികെ ബാക്കി സ്ഥലം മുഴുവൻ നഞ്ചയാണ്. അവിടെ കാര്യമായ വികസനപ്രവർത്തനങ്ങളോ, വരുമാനദായകമായ ഫലവൃക്ഷങ്ങളോ ഒന്നും തന്നെ ഇല്ലാത്ത സാഹചര്യത്തിൽ Beneficiary assessment എന്ന ഉപാധി ഉപയോഗിച്ച് ഉടമസ്ഥരുടെയും മറ്റു തൽപ്പര കക്ഷികളുടെയും പ്രശ്നങ്ങളും പ്രയാസങ്ങളും മറ്റ് ആഘാതങ്ങളും നേരിട്ട് പഠിക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

**<u>പൊതു അവകാശവാദം കേൾക്കൽ</u>**



2013 ലെ RFCTLARR നിയമത്തിലെ 5-ാം വകുപ്പനുസരിച്ച് കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ പുതിയതായി നിർമ്മിച്ച റെയിൽ പാലത്തെ ബന്ധിപ്പിക്കാൻ പുതിയ ട്രാക്ക് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച്, സാമൂഹ്യ ആഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായുള്ള ഭൂഉടമകളുടെയും തൽപ്പര കക്ഷികളുടെയും പൊതു കേൾക്കലിനായുള്ള യോഗം 10.10.2019 ന് രാവിലെ 11 മണിക്ക് കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്നു. യോഗത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡ ് ശ്രീ എം കുഞ്ഞിരാമൻ, സെക്രട്ടറി ശ്രീ എ വി പ്രകാശൻ, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ സുരേഷ് പി. പി, റെയിൽവെ എസ്.എസ്.ഇ. ശ്രീ ജനാർദ്ദൻ എന്നിവരും പങ്കെടുത്തിരുന്നു.



യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്യുന്നതിനോടൊപ്പം ഭൂമി ഏറ്റെടുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പഠന യൂണിറ്റ് അംഗം ശ്രീ കെ വി ചന്ദ്രൻ വിശദീകരിക്കുകയും ഇത് സംബന്ധിച്ച് ഉടമകൾക്കോ, തൽപ്പര കക്ഷികൾക്കോ എന്തെങ്കിലും ആക്ഷേപങ്ങളോ, അഭിപ്രായങ്ങളോ ഉ ങ്കിൽ അത് ഈ യോഗത്തിൽ ഉന്നയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ഉന്നയിക്കപ്പെട്ട അഭിപ്രായങ്ങൾ താഴെ കാണിച്ചിരിക്കുന്നു

1. **ശ്രീ ഇട്ടമ്മൽ രാജൻ –**

   റീ. സ. 238/10, 238/12, 238/13 എന്നീ സർവ്വേ നമ്പറുകളിലായി എനിക്ക് സ്ഥലമു ്. എന്നാൽ 238/12 ലെ സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ച് മാത്രമേ പറഞ്ഞു കാണുന്നുള്ളൂ. ഇത് 9.26 സെന്റാണ്. ഈ മൂന്ന് സർവ്വേ നമ്പറുകളിലായി എനിക്ക് 13.5 സെന്റ് സ്ഥലമാണുള്ളത്. 238/12 ലെ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ ബാക്കിയുള്ള 4.24 സെന്റ് സ്ഥലം ഉപയോഗശൂന്യമാകും. അതിനാൽ ഈ സ്ഥലം കൂടി ഏറ്റെടുക്കണം.

   അതുപോലെ തന്നെ 237/4 ൽ ആകെ 14 സെന്റ് സ്ഥലമാണു ായിരുന്നത്. റെയിൽവേയുടെ ആവശ്യാർത്ഥം ആദ്യ ഘട്ടത്തിൽ 4 സെന്റ് സ്ഥലം ഏറ്റെടുത്തിരുന്നു. ബാക്കി 10 സെന്റ് സ്ഥലമാണുള്ളത്. ഇതിൽ 5.33 സെന്റ് സ്ഥലമാണ് ഏറ്റെടുക്കാൻ പോകുന്നതായി കാണിച്ചിട്ടുള്ളത്. ഇവിടെ ബാക്കിയുള്ള 4.67 സെന്റ് സ്ഥലം കൂടി റെയിൽവേ ഏറ്റെടുക്കണം. പുതിയ ട്രാക്ക് വരുമ്പോൾ ഈ സ്ഥലം ഒന്നിനും ഉപയോഗിക്കാൻ പറ്റില്ല. സ്ഥലത്തിന്റെ മറ്റൊരു വശം റോഡുമാണ്. അതിനാൽ തന്നെ റെയിൽവേ അധികൃതർ ഇത് പ്രത്യേകം ശ്രദ്ധിക്കണം.

   237/2 ൽ പഴയ വീട്ടു പറമ്പിനു താഴെയായി 4.5 സെന്റ് സ്ഥലം കൂടി ഉ ്. ഇത് റോഡിനു വേ ി നൽകിയ സ്ഥലത്തിന്റെ ബാക്കിയാണ്. ഇതിനു സമീപത്തു കൂടി ട്രാക്ക് വരുമ്പോൾ ഈ ഭൂമി ഒരു കാര്യത്തിനും ഉപയോഗിക്കാൻ പറ്റാതെ വരുന്നതിനാൽ ഈ സ്ഥലം കൂടി ഏറ്റെടുക്കണം (മുകളിൽ കാണിച്ച സർവ്വേ നമ്പറുകളിൽ ആകെ അധികമായി ഏറ്റെടുക്കേ ത് 13.42 സെന്റ് സ്ഥലമാണ്)

2. **ശ്രീ അക്കാളത്ത് ശ്രീധരൻ**

   സ്ഥലം ഏറ്റെടുക്കുമ്പോൾ ന്യായമായ വില ലഭിക്കണം.ര ് വിള (വിരിപ്പ്, പുഞ്ച) നെൽ കൃഷി ചെയ്തു വന്നിരുന്ന സ്ഥലമായിരുന്നു. താമരംകുളങ്ങര റോഡ് നിർമ്മാണ സമയത്ത് സൗജന്യമായി സ്ഥലം വിട്ടു നൽകിയിരുന്നു. കൂടാതെ

റെയിൽവേ ട്രാക്ക് നിർമ്മിക്കുന്നതോടൊപ്പം വശങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കാനുള്ള നടപടി റെയിൽവേ സ്വീകരിക്കണം

3. **ശ്രീ രഞ്ചൻ (ശ്രീമതി ഷീനയുടെയും നീനയുടെയും പ്രതിനിധി)**

ഇപ്പോൾ 238/5, 238/8 എന്നീ സർവ്വേ നമ്പറുകളിലെ 14.36 സെന്റ് സ്ഥലമാണ് ഏറ്റെടുക്കുന്നത്. എന്നാൽ 238/8 ൽ 7 സെന്റും, 238/5 ൽ 17.5 സെന്റ് സ്ഥലവുമാണുള്ളത്. എന്ന238/8 ലെ 6.34 സെന്റ് സ്ഥലം എടുക്കുമ്പോൾ 0.66 സെന്റ് സ്ഥലം ബാക്കിയാകുന്നു. അതേ പോലെ 238/5 ൽ 8.02 സെന്റ് സ്ഥലം മാത്രം ഏറ്റെടുക്കുമ്പോൾ 9.48 സെന്റ് സ്ഥലം ഉപയോഗിക്കാൻ പറ്റാത്ത രീതിയിൽ ബാക്കിയാകുന്നു. അതിനാൽ ഈ സ്ഥലം കൂടി റെയിൽവെ ഏറ്റെടുക്കണം(0.66 + 9.48= 10.14 സെന്റ്)

4. **ശ്രീമതി ഷൈലജ**

അക്കാളത്ത് ശ്രീധരന്റെ സ്ഥലത്തിന്റെയും നിലവിലുള്ള റോഡിന്റെയും ഇടയിലായി റീ. സ. 237/6 ൽ എനിക്ക് 8 സെന്റ് സ്ഥലമു ്. ഇപ്പോൾ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ലിസ്റ്റിൽ ഇതുൾപ്പെട്ടിട്ടില്ല. അതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനായി അളന്നു തിട്ടപ്പെടുത്തുന്ന സമയത്ത് ഈ പ്രദേശത്തെ സ്ഥലമുടമയായ എനിക്ക് കൂടി അിറയിപ്പ് നൽകണം

5. **ശ്രീ മാപ്പിടിച്ചേരി നാരായണൻ**

ഏറ്റെടുക്കപ്പെടാൻ പോകുന്ന ശ്രീ ഇട്ടമ്മൽ രാജന്റെ പറമ്പിലെ പഴയ വീട്ടിൽ ഞാനും കുടുംബവും 2 വർഷമായി വാടകയ്ക്ക് താമസിച്ചു വരുന്നു. മറ്റൊരു വാടക വീട് അന്വേഷിച്ചു കൊ  ിരിക്കുകയാണ്. നാല് മാസത്തെ സമയ പരിധി ലഭിക്കുകയാണെങ്കിൽ ഇത് കെ  ത്താൻ പ്രയാസമു  ാകില്ല.

യോഗത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ അർത്ഥനാധികാരിക്ക് അയച്ചു കൊടുക്കുകയും ആയത് സംബന്ധിച്ച് ലഭിച്ച മറുപടി താഴെ കാണിച്ചിരിക്കുന്നു.

**ക്രമ നമ്പർ 1. ഇട്ടമ്മൽ രാജന്റെ ആവശ്യം** – റെയിൽവേക്ക് 3.75 ആർ (9.26 സെന്റ്) സ്ഥലം മാത്രമാണ് റീ.സ.238/12 ൽ ആവശ്യമായി വരുന്നത്. 13.42 സെന്റ് ഭൂമി കൂടി ഏറ്റെടുക്കണമെന്നാണ് രാജൻ ആവശ്യപ്പെടുന്നത്. ഇത് യഥാർത്ഥത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയേക്കാൾ അധികമാണ്. റെയിൽവേക്ക് ഇത്രയും ഭൂമി അധികമായി ആവശ്യമില്ല.

**ക്രമനമ്പർ 2. അക്കാളത്ത് ശ്രീധരന്റെ ആവശ്യം**– റെയിൽവേ ഭൂമിയുടെ അതിര്, കല്ല് കെട്ടി സംരക്ഷിക്കുന്നതാണ്.

**ക്രമ നമ്പർ 3. രഞ്ചന്റെ ആവശ്യം-** റീ.സ.238/8 ൽ 0.66 സെന്റ് ഭൂമി കൂടി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇത് ഏറ്റെടുക്കുന്നതാണ്.

**ക്രമ നമ്പർ 4. ഷൈലജയുടെ ആവശ്യം** - ആവശ്യപ്പെട്ടതനുസരിച്ച് റെവന്യൂ അധികൃതരെ വിവരം അറിയിക്കുന്നതായിരിക്കും

**ക്രമ നമ്പർ 5. മാപ്പിടിച്ചേരി നാരായണന്റെ ആവശ്യം** - ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകാൻ ഏകദേശം ഫെബ്രുവരി 2020 വരെ സമയമെടുക്കും. അതിനാൽ ഇദ്ദേഹത്തിന്റെ ആവശ്യം പരിഗണിക്കുന്നതാണ്.

**പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ**

**1.തൊഴിലിനു ാകുന്ന ആഘാതം-**കുഞ്ഞിമംഗലം പുഴയ്ക്ക് കുറുകെ നിർമ്മിച്ച പുതിയ റെയിൽ പാലത്തിലൂടെ ട്രെയിൻ യാത്ര ആരംഭിക്കുന്നതിന് ആവശ്യമായ സമീപന പാളം നിർമ്മിക്കുന്നതിനായി കുഞ്ഞിമംഗലം അംശം ദേശത്തിലെ റീ. സ. 238/5, 238/8, 238/12, 237/4, 237/5 എന്നീ സർവ്വെ നമ്പറുകളിലെ 0.1728 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കപ്പെടേ ിയിരിക്കുന്നത്. ഇതിൽ 237/4 ലെ സ്ഥലം ഒഴികെ ബാക്കി എല്ലാ സ്ഥലവും നഞ്ച വിഭാഗത്തിൽപ്പെടുന്നു. ഈ സ്ഥലത്ത് യാതൊരു തരത്തിലുള്ള അനുഭവങ്ങളും ലഭിക്കാനുതകുന്ന ഒന്നുമില്ല. 237/4 ൽ വീട്ടു പറമ്പിൽ തെങ്ങുകളും മാവുകളുമാണുള്ളത്. ഇതിനെ ആശ്രയിച്ച് ആരും തന്നെ ഒരു തൊഴിലിലും ഏർപ്പെട്ടിട്ടില്ല. ആയതിനാൽ ഈ സ്ഥലം ഏറ്റെടുക്കുന്നത് കൊ ് യാതൊരു തൊഴിൽ നഷ്ടവും ഉ ാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**വരുമാനത്തിനുള്ള ആഘാതം-**മേൽ കാണിച്ചിരിക്കുന്നതിൽ നിന്നും വ്യക്തമാക്കിയതു പോലെ, നഞ്ചയായി കാണിച്ചിരിക്കുന്ന സ്ഥലത്ത് വരുമാനം ലഭിക്കാനുതകുന്ന യാതൊരു ഫലവൃക്ഷങ്ങളും ഇല്ല. ശ്രീ ഇട്ടമ്മൽ രാജന്റെ പഴയ വീട്ടു പറമ്പിൽ മാത്രമാണ് വരുമാന ദായകമായ വൃക്ഷങ്ങൾ ഉള്ളത്. ഇതിൽ 6 തെങ്ങും, 6 മാവുമാണ് ഉള്ളത്. ശ്രീ രാജൻ സ്വന്തമായി ഒരു തയ്യൽക്കട നടത്തി ഉപജീവനം കഴിക്കുന്നയാളാണ്. അതിനാൽ തന്നെ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ ആശ്രയിച്ച് ഉടമകൾ ആരും തന്നെ ജീവിക്കുന്നില്ല. രാജന്റെ പഴയ വീടിന്റെ വാടക തുക നഷ്ടപ്പെടുമെങ്കിലും അതിനെ ആശ്രയിച്ചല്ല രാജൻ ജീവിക്കുന്നത്. അതിനാൽ തന്നെ ആരുടെയും വരുമാനത്തിന് ഈസ്ഥലം ഏറ്റെടുപ്പ് ആഘാതമു ാക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**പരിസ്ഥിതികൾക്കുള്ള ആഘാതം-** ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, നിലവിലുള്ള പുതിയ റെയിൽവെ ലൈനും (ഷൊർണ്ണൂർഭാഗം) റെയിൽവെ സ്റ്റേഷൻ-താമരംകുളങ്ങര തീരദേശം റോഡിനും ഇടയിലായിട്ടുള്ള നഞ്ച പോലുള്ള സ്ഥലമാണ്. നഞ്ചയാ

ണെങ്കിലും ഇവിടെ ക ലുകളോ, അതുപോലുള്ള ജൈവവൈവിദ്ധ്യങ്ങളോ ഇല്ല. പൊതുവെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലമാണ്. ഈ സ്ഥലത്ത് വടക്ക് ഭാഗത്ത് അല്പം പാഴ്ചെടികൾ മാത്രമാണുള്ളത്. ഈ പാഴ്ച്ചെടി കൂട്ടത്തെ ആശ്രയിച്ച് പക്ഷികളുടയെ, മറ്റ് ഷഡ്പദങ്ങളുടെയോ ആവാസവ്യവസ്ഥകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നതുകൊ ് പാരിസ്ഥിതികമായി യാതൊരു ആഘാതവും ഉ ാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**<u>പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉ ാകുന്ന ആഘാതം</u>**

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന 0.1728 ഹെക്ടർ സ്ഥലത്ത് പൊതു ഇടങ്ങളോ, സ്ഥാപനങ്ങളോ ഒന്നും തന്നെയില്ല. ഈ സ്ഥലത്ത് ആകെയുള്ളത് ഇട്ടമ്മൽ രാജന്റെ ഉടസ്ഥതയിലുള്ള 40 വർഷത്തിലധികം പഴക്കമുള്ള ഓടു മേഞ്ഞ ചെറിയ ഒരു വീട് മാത്രമാണ്. ഈ പഴയ വീട്ടിൽ ഇപ്പോൾ മാപ്പിടിച്ചേരി നാരായണൻ എന്നയാൾ വാടകയ്ക്ക് താമസിക്കുന്നു. ഈ വീട് ഓരോ വർഷത്തെ കരാറിന്റെ അടിസ്ഥാനത്തിലാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. റെയിൽവേക്കു വേ ി ഭൂമി ഏറ്റെടുക്കാൻ സാദ്ധ്യതയുള്ളതിനാൽ ഈ വർഷം കരാർ പുതുക്കി നൽകിയിട്ടില്ല എന്നും ശ്രീ നാരായണൻ മറ്റൊരു സ്ഥലത്തേക്ക് മാറാനുള്ള ശ്രമത്തിലാണെന്നും അറിയാൻ കഴിഞ്ഞു. അതിനാൽ തന്നെ പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമു ാകുന്നില്ല എന്ന് അറിയിക്കുന്നു.പുതിയ റെയിൽ പാലത്തിലേക്ക് സമീപന ട്രാക്ക് നിർമ്മിച്ച് ബലക്ഷയം സംഭവിച്ചുകൊ ിരിക്കുന്ന ആദ്യത്തെ പാലത്തിലേക്കുള്ള റെയിൽ ഗതാഗതം ഒഴിവാക്കാനായിട്ടാണല്ലോ ഇവിടെ ഭൂമി ഏറ്റെടുക്കുന്നത്.ഈ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യാതൊരു തരത്തിലുള്ള ആഘാതങ്ങളും ഉ ാകുന്നില്ല എന്ന് വ്യക്തമാക്കുകയാണ്. തൊഴിലിനോ, വരുമാനത്തിനോ, പൊതു ഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമു ാകുന്നില്ല. ഈ സ്ഥലത്തിന് സമീപത്തായി സ്ഥാപിച്ചിരിക്കുന്ന 4 ഇലക്ട്രിക് തൂണുകളു ്. ഇത് ചിലപ്പോൾ മാറ്റി സ്ഥാപിക്കേ ി വരാൻ സാധ്യതയു ്. പൊതുവെ നോക്കുകയാണെങ്കിൽ ഏറ്റവും അനുയോജ്യവും യാതൊരു തരത്തിലുള്ള പാരിസിഥിതിക പ്രശ്നങ്ങളും ഉ ാകാത്ത ഭൂമിയാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്നും, ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്താവുന്നതാണെന്നും അറിയിക്കുന്നു.

കണ്ണൂർ
15.10.2019

ചെയർമാൻ
kmaq l y B L mX ]T\ യൂണിറ്റ്
(I b tdmസ്-കണ്ണൂർ)